# ഭാഗം 5

മലയാളകവിതയുടെ നവോത്ഥാനഘട്ടത്തെ പ്രതിനിധാനം ചെയ്യുന്ന കവികളാണ് കുമാരനാശാനും ഉള്ളൂരും വള്ളത്തോളും. മലയാള ഖണ്ഡകാവ്യങ്ങളുടെ സുവർണകാലം കൂടിയായിരുന്നു ഇവരുടേത്. ഭാവഗീതങ്ങളിലാണ് കൂടുതൽ ശ്രദ്ധ പതിപ്പിച്ചിരുന്നതെങ്കിലും ഖണ്ഡകാവ്യ പ്രസ്ഥാനത്തിന് വള്ളത്തോൾ നൽകിയ സംഭാവനകൾ വിസ്മരിക്കാനാവില്ല. ഉള്ളൂരും വള്ളത്തോളും പ്രധാനമായും പുരാണേതിഹാസങ്ങളിലെ കഥാഭാഗങ്ങൾ ഖണ്ഡകാവ്യങ്ങൾക്കു വിഷയമാക്കി. ആശാനാകട്ടെ സ്വതന്ത്രമായ ഇതിവൃത്തങ്ങൾ സ്വീകരിച്ചാണ് ഇതു നിർവഹിച്ചത്. ആശാന്റെ നളിനി, വള്ളത്തോളിന്റെ മഗ്ദലനമറിയം എന്നിവയിലെ ഓരോ ഭാഗവും ഉള്ളൂർക്കവിതയെക്കുറിച്ചുള്ള പഠനവുമാണ് ഇവിടെ നൽകിയിട്ടുള്ളത്.

മലയാളകവിതയുടെ തിളക്കമാർന്ന ഒരു മുഖം ആധുനിക കവിത്രയത്തിന്റെ കവിതകളിൽ കാണാം. നിരവധി സവിശേഷതകളുള്ള ഈ കാവ്യ പാരമ്പര്യം പ്രത്യേകം പഠനവിധേയമാക്കേണ്ടതുണ്ട്. കേരളത്തിന്റെ സമൂഹിക-രാഷ്ട്രീയ പശ്ചാത്തലം ഇവരുടെ കവിതകളിൽ ശക്തമായി പ്രതിഫലിക്കുന്നു. ഇവിടെ നിലനിന്നിരുന്ന അനാചാരങ്ങൾക്കും അകൽച്ചകൾക്കുമെതിരായ ഉറച്ചശബ്ദമാണ് ആശാൻകവിതകളിൽ മുഴങ്ങിക്കേൾക്കുന്നത്. ദേശീയ സ്വാതന്ത്ര്യപ്രക്ഷോഭമായിരുന്നു വള്ളത്തോളിനെ കൂടുതൽ ആകർഷിച്ചത്. ദേശഭക്തിയും സമരാവേശവും ജ്വലിക്കുന്ന നിരവധി കവിതകൾ അദ്ദേഹം എഴുതി. ഉള്ളൂരാകട്ടെ, സാമൂഹികമായ പ്രശ്നങ്ങൾക്ക് ഭാരതത്തിന്റെ സാംസ്കാരിക പാരമ്പര്യത്തിൽ നിന്നുകൊണ്ട് പരിഹാരമാർഗങ്ങൾ തേടുകയാണ് ഉണ്ടായത്.

പിൽക്കാലകവികളെ ഏറെ സ്വാധീനിക്കാൻ കവിത്രയകവിതകൾക്കു കഴിഞ്ഞു. പാശ്ചാത്യസാഹിത്യത്തിന്റെ കടന്നുവരവ്, ഭാരതത്തിന്റെ കാവ്യപാരമ്പര്യത്തെക്കുറിച്ചുള്ള തിരിച്ചറിവ്, സമൂഹിക പ്രതിജ്ഞാബദ്ധത എന്നിവയുടെ സമ്മേളനം കൊണ്ട് അനുകരണീയമായ കാവ്യാന്തരീക്ഷം സൃഷ്ടിക്കാൻ ഇവർക്കു കഴിഞ്ഞുവെന്നതാണ് പിൽക്കാലകവികളെ ഇവരിലേക്ക് ആകർഷിച്ചത്.

ഖണ്ഡകാവ്യപ്രസ്ഥാനത്തെക്കുറിച്ചും ആധുനികകവിത്രയത്തിന്റെ കാവ്യമാർഗത്തെക്കുറിച്ചും പഠിക്കാൻ ഈ ഭാഗം പ്രയോജനപ്പെടുത്താം. കാവ്യശോഭയും രസാസ്വാദനവും സാധ്യമാക്കുന്ന അലങ്കാര കല്പനകൾ, ധ്വനിപ്രയോഗങ്ങൾ, ഔചിത്യദീക്ഷ തുടങ്ങിയവ ഈ കവിതകളുടെ സഹായത്തോടെ കണ്ടെത്താം. ഭാവത്തിനനുസൃതമായ താളം തിരഞ്ഞെടുത്ത് കവികൾ സൃഷ്ടിക്കുന്ന വൃത്തവൈവിധ്യം മനസ്സിലാക്കാനും ഇവ സഹായകമാവും.

ഈ പാഠങ്ങളിലൂടെ താഴെ പറയുന്ന ഭാഷാപരമായ കഴിവുകൾ നേടേണ്ടതുണ്ട്.

- കവിതകൾ ഭാവം ഉൾക്കൊണ്ട് താളബോധത്തോടെ ചൊല്ലുന്നതിന്
- കാവ്യഭാഗങ്ങളിലെ ചമൽക്കാരം കണ്ടെത്തി വിശദീകരിക്കുന്നതിന്
- താളത്തിന്റെ അടിസ്ഥാനത്തിൽ വൃത്തം നിർണയിക്കുന്നതിന്
- കാവ്യഭാഗങ്ങളിലെ തത്ത്വചിന്ത, ജീവിതവീക്ഷണം, വർണന എന്നിവ കണ്ടെത്തുന്നതിന്.
- കവിതകളുടെ പൊതുവായ സവിശേഷതകൾ കണ്ടെത്തി പ്രബന്ധം തയാറാക്കുന്നതിന്.

# 13. ഓർമയുടെ മാധുര്യം

ഹിമവൽസാനുവിൽ ബാലസൂര്യനെപ്പോലെ ശോഭിച്ച യുവയോഗി താഴ്വരയുടെ സൗന്ദര്യം ആസ്വദിക്കുകയാണ്. മനസ്സിന് എന്തോ ഒരു ചാഞ്ചല്യം. കുയിൽനാദം പോലെ ആ കാതുകളെ കുളിർപ്പിച്ച ഗാനം ഏതാണ്? സമീപത്തുള്ള തടാകത്തിൽ കുളിച്ച് ഈറനണിഞ്ഞ താപസകന്യക സ്വപ്നത്തിലെന്നപോലെ യോഗിയുടെ മുന്നിലെത്തി. നിർമലബാലയായിക്കണ്ട് അവളെ അനുഗ്രഹിക്കാനാണ് ആദ്യം തോന്നിയത്. പക്ഷേ, നളിനി തന്റെ പ്രിയതോഴനായ ദിവാകരനെ തിരിച്ചറിഞ്ഞു. ഓർമയുടെ മധുരം പങ്കുവയ്ക്കാൻ അവൾക്കു തിടുക്കമായി.

"ആര്യ, മുൻപരിചയങ്ങൾ നൽകിടും
ധൈര്യമാർന്നു പറയുന്നു മദ്ഗതം,
കാര്യമിന്നതയി കേൾക്കുമോ കനി-
ഞ്ഞാര്യമാകിലുമനാര്യമാകിലും?

പാരമുള്ളിലഴലായി, ജീവിതം
ഭാരമായി, പറയാതൊഴിക്കുകിൽ
തീരുകില്ല, ധരയിൽ ഭവാനൊഴി-
ഞ്ഞാരുമില്ലതുമിവൾക്കു കേൾക്കുവാൻ.

ആഴുമാർത്തിയഥവാ കഥിക്കിലീ-
യൂഴമോർത്തിടുമതന്യഥാ ഭവാൻ,
പാഴിലോതിടുകയോ വിധിക്കു ഞാൻ
കീഴടങ്ങി വിരമിക്കയോ വരം?

തന്നതില്ല പരനുള്ളു കാട്ടുവാ-
നൊന്നുമേ നരനുപായമീശ്വരൻ.
ഇന്നു ഭാഷയിതപൂർണമിങ്ങഹോ!
വന്നുപോം പിഴയുമർഥശങ്കയാൽ!

മുറ്റുമെന്നഴലറിഞ്ഞിടായ്കിലും
തെറ്റിയെൻ ഹൃദയമാര്യനോരുകിൽ,
ചെറ്റുമേ പൊറുതിയില്ല, പിന്നെ ഞാൻ
പറ്റുകില്ലറിക മണ്ണിൽ വിണ്ണിലും."



ഏവമോതി, അതിദൂനയായി നി-
ന്നാ വരാംഗി യതിതൻ മുഖാംബുജം
പാവനം പരിചിൽ നോക്കിനാൾ; അവൻ
കേവലം കരുണയാർന്നു ചൊല്ലിനാൻ:

"അന്യഥാ മതിവരില്ലെനിക്കു നിൻ-
മന്യുവിങ്കൽ നിയതം മഹാവ്രതേ!
കന്യയെന്നു വടുവെന്നുമേലുകി-
ല്ലന്യഭാവമറികാത്മവേദികൾ"

ആടലൊട്ടവൾ വെടിഞ്ഞു സത്വരം
തേടി ധൈര്യമഥ, പൂവനത്തിലും
കാടുതൻ നടുവിലും സുമർത്തുവിൽ
പാടിടും കുയിലുപോലെ, ചൊല്ലിനാൾ:

"വന്നു വത്സല, ഭവാൻ സമക്ഷമാ-
യിന്നു, ഞാൻ വ്യഥ മറന്നതോർക്കയാൽ,
എന്നുമല്ല, കരുതുന്നു വീട്ടിൽ നാ-
മന്നു വാണതു തുടർന്നപോൽ മനം.

ലോലനാര്യനുരുവിട്ടു കേട്ടൊരാ-
ബാലപാഠമഖിലം മനോഹരം!
കാലമായധികമിന്നൊരക്ഷരം
പോലുമായതിൽ മറപ്പതില്ല ഞാൻ.

ഭൂരിപൂക്കൾ വിടരുന്ന പൊയ്കയും
തീരവും വഴികളും തരുക്കളും
ചാരുപുൽത്തറയുമോർത്തിടുന്നതിൻ-
ചാരെ നാമെഴുമെഴുത്തുപള്ളിയും.

ഓർത്തിടുന്നുപവനത്തിലെങ്ങുമ-
ങ്ങാർത്തു ചിത്രശലഭം പറന്നതും
പാർത്തുനിന്നതുമണഞ്ഞു നാം കരം-
കോർത്തു കാവിനരികേ നടന്നതും,

പാടുമാൺകുയിലെ വാഴ്ത്തിയാരവം
കൂടവേയനുകരിച്ചുപോയതും
ചാടുകാരനുടനെന്നൊടാര്യനാ-
പ്പേടയെപ്പരിഹസിച്ചു ചൊന്നതും,

ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ചു മല്ലികയറുത്തിരുന്നതും
മെച്ചമാർന്ന ചെറുമാല കെട്ടിയെൻ-
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും,

എണ്ണിടുന്നൊളിവിൽ വന്നു പീഡയാം-
വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ-
കണ്ണുനീരു കനിവിൽ തുടച്ചതും,

എന്തിനോതുവതിതോർക്കിലാ രസം
ചിന്തുമെൻ സുദിനമസ്തമിച്ചിതേ.
ഗന്തുകാമനുടനാര്യൻ, ഏകിലാ-
മന്തരായമെതിർവാത്യപോലിവൾ"

**നളിനി]** **[എൻ.കുമാരനാശാൻ**



## അവധാരണ ചോദ്യങ്ങൾ

- തന്റെ അന്തർഗതം ദിവാകരൻ കേൾക്കണം എന്നതിന്ന് നളിനി പറയുന്ന ന്യായമെന്ത്?
- നരന്റെ നിസ്സഹായത വെളിപ്പെടുത്തുന്ന വരികളേവ?
- നളിനി പറയാൻ തുടങ്ങിയതിനെ, ഏതിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
- നളിനി ഓർക്കുന്ന ബാല്യകാലരംഗങ്ങൾ ഏവ?

■

# 14. 'അന്നും ഇന്നും' – ഉള്ളൂർക്കവിതയിലെ ഒരുന്മേഷം



ആശാൻ, ഉള്ളൂർ, വള്ളത്തോൾ - ഇവരെ കവിത്രയം എന്നു വിളിക്കയാണ് മലയാളികളുടെ പതിവ്. ഇങ്ങനെയൊരു ഗണം തിരിക്കൽ നമുക്കെന്തോ വിശേഷിച്ച് ഇഷ്ടമാണെന്നു തോന്നുന്നു. ചില പൊതുധർമങ്ങളുടെ പേരിലേ ഈ മൂന്നു പേരെ മൊത്തം ഒറ്റഗണത്തിൽ പെടുത്തുന്നതിന് പ്രസക്തിയുള്ളു. പേർത്തുനോക്കുമ്പോൾ ഗണത്തിലെ ഓരോ വ്യക്തിയുടെയും സ്വത്വം വെവ്വേറെ ഉരുത്തിരിഞ്ഞു കിട്ടുന്നു. ഉള്ളൂരിനെ മുൻനിർത്തി ഇപ്രകാരം ഒരു പേർത്തുനോക്കലിനാണ് ഈ പ്രബന്ധത്തിൽ മുതിരുന്നത് - അതും അദ്ദേഹത്തിന്റെ ഒറ്റക്കൃതിയിൽ ഒതുങ്ങിക്കൊണ്ട്. 'തരംഗിണി'യിൽ ഉൾപ്പെടുന്ന 'അന്നും ഇന്നും' എന്ന കൃതിയോട് ലഘുവായി ഇടപഴകി നോക്കാം.

ആയിരത്തിത്തൊള്ളായിരത്തി ഇരുപതുകളിലാണ് ഈ കൃതിയുടെ ആവിർഭാവം - നാടിന്റെ അടിമത്തം കവിയുടെ ദേശീയബോധത്തെ ദീപ്തമാക്കുന്ന കാലം. ദേശീയതയോടുള്ള പ്രതികരണം പല പ്രകാരത്തിലാവാം. ഉദാഹരണത്തിന്, ജാതിമദിരാന്ധരായ തനയർ തമ്മിലടിച്ച് അന്തപ്പെടുന്ന ഇന്ത്യൻ അവസ്ഥയിൽ ദേശീയത എന്ന ആശയത്തെത്തന്നെ ആശാൻ സംശയിച്ചു. വള്ളത്തോളാകട്ടെ, ദേശീയതയെ പ്രോത്സാഹിപ്പിക്കുന്ന ഏതു പ്രസ്ഥാനത്തോടും വ്യാപകമായി താദാത്മ്യം വരിച്ചു. പുറത്തു മാത്രം പോരാ, മനസ്സിനകത്തും പ്രസ്ഥാനത്തെ പ്രചോദിപ്പിക്കേണ്ടതുണ്ട് എന്ന് ഉള്ളൂർ തിരിച്ചറിഞ്ഞിരിക്കാം. തളർന്ന വ്യക്തിയെ പുനരുജ്ജീവിപ്പിക്കാൻ ഒരു തന്ത്രമുണ്ട് - തളർച്ചയെ അതിജീവിക്കാനുള്ള ആത്മവിശ്വാസം അയാളിൽ ഉണർത്തുകതന്നെ. സ്വയംപ്രത്യായനം എന്ന ഈ പ്രക്രിയ രാഷ്ട്രത്തോട് ഇണക്കിയും പ്രസക്തമാവുന്നു. അടിമപ്പെട്ടുകിടക്കേണ്ട അവശരാഷ്ട്രമല്ല ഭാരതം; അതിന് തേജോമയമായ ഭൂതകാലമുണ്ട്. ആ തേജസ്സിൽ നിന്ന് തിരികൊളുത്തുകയേ വേണ്ടൂ, വർത്തമാന കാലത്തെ ഇരുട്ട് എളുപ്പം അകറ്റാം - ഇപ്രകാരം, രാഷ്ട്രചേതനയിലേക്ക് ആത്മവിശ്വാസം പുനരാവാഹിച്ചുകൊണ്ട് ഇത് പ്രവർത്തിക്കുന്നു. ഇത്തരം പ്രവർത്തനത്തിലാണ്, ഇതരപ്രസ്ഥാനങ്ങളിൽ എന്നതിനെക്കാൾ, കവികൾക്ക് സ്വാഭാവികമായും സ്ഥാനം. വള്ളത്തോളിന്റെ അനേകം രചനകളിൽ ഈ പൊരുൾ അടയാളപ്പെട്ടു കിടക്കുന്നു.

"ഭൂതകാലത്തിൻ പ്രഭാവതന്തുക്കളാൽ
ഭൂതിമത്താമൊരു ഭാവിയെ നെയ്ക നാം"

(ഖാദിവസനങ്ങൾ കൈക്കൊൾവിനേവരും)

എന്ന് അദ്ദേഹം പ്രഖ്യാപിച്ചത് അർഥഗർഭമാണ്. ഉള്ളൂരും സമകാലികമായ ആതുരതകൾക്ക് ഔഷധം തേടേണ്ടത് പാരമ്പര്യത്തിൽത്തന്നെ എന്ന് താരസ്വരത്തിൽ ഉദ്ഘോഷിച്ചു.

ഉള്ളൂരിന്റെ ഖണ്ഡകാവ്യങ്ങളൊക്കെ ഈ താരസ്വരത്തിന്റെ താളഭേദങ്ങളത്രേ. കൂട്ടത്തിൽ 'കർണഭൂഷണ'ത്തിനും 'ചിത്രശാല'യ്ക്കുമാവാം കനത്ത പ്രശസ്തി.

"പൗരാണികത്വമെൻ പൈതൃകസ്വത്തല്ലേ
പാരായണം ചെയ്യാം ഞാനതൽപം".

**(കർണഭൂഷണം)**

പൗരാണികത്വം 'അല്പ'മല്ല, അധികം തന്നെ പാരായണം ചെയ്തോളുക എന്നതാകുന്നു

തന്നിലെ കവിക്ക് ഉള്ളൂർ ഉടനീളം അരുളുന്ന നിയോഗം. അതോടെ സ്വത്വം നിശ്ശങ്കമായും പുതിയൊരുൻമേഷം നേടുകയായി. ഈ ഉൻമേഷം പൊഴിഞ്ഞ് കവിത കൂടുതൽ വിരിഞ്ഞുകിട്ടുന്നു എന്നതുകൊണ്ടത്രേ ഇവിടെ അപഗ്രഥനത്തിന് 'അന്നും ഇന്നും' എന്ന കൃതിതന്നെ ആവാമെന്നു വെച്ചത്.

സമകാലികമായ ആതുരതയെക്കുറിച്ചുള്ള അവബോധത്തിൽ നിന്നാണ് 'അന്നും ഇന്നും' ആരംഭിക്കുന്നത്. വലിയൊരു വീഴ്ച ഭാരതത്തിന് നേരിട്ടതായി കവി വിഷാദിക്കുന്നു. വെറും സമതലത്തിൽ നിന്നല്ല വീണത്; പിന്നെയോ, കൊടുമുടിയിൽ നിന്നുതന്നെ. ഭൂതകാലം എന്ന സ്വർണ പർവതത്തിന്റെ സുകൃതക്കൊടുമുടിയിൽ നിന്ന്. വെറും സമതലത്തിലേക്കല്ല, നശിച്ച ഗർത്തത്തിലേക്കുതന്നെ എന്നതാകുന്നു വീഴ്ചയുടെ വേറൊരു ദയനീയത. ഈ ഗർത്തം വർത്തമാന കാലത്തിന്റേതത്രേ. ഇങ്ങനെ ഭൂതകാലമഹാമേരു പുണ്യശൃംഗം, വർത്തമാനപ്പാഴ്ക്കുണ്ട് – ഈ വിരുദ്ധങ്ങളുടെ വിന്യാസത്തിലൂടെ ആശയാവതരണത്തിന് സമമിതി തികയുന്നു. 'പുണ്യശൃംഗം' എന്ന് അന്നത്തെയും 'പാഴ്ക്കുണ്ട്' എന്ന് ഇന്നത്തെയും നില യഥാക്രമം സംസ്കൃത പദത്തിലൂടെയും മലയാളപദത്തിലൂടെയും വെളിപ്പെടുത്തുന്നതാവട്ടെ, അതിന്റെ സാഫല്യത്തെ ഒന്നുകൂടി തിളക്കുന്നു.

പാഴ്ക്കുണ്ടിൽ അടിഞ്ഞുപോയ ഇന്നത്തെ അവസ്ഥയുടെ സഹതാപാർഹതയ്ക്കു ശക്തി പകരുമാറാണ് ഇനി രണ്ടു പദ്യങ്ങളിലെ പദഘടന. ഉള്ളൂരിന്റെ ശൈലിയിലെ സംസ്കൃത സ്വാധീനതയെ അവ ഉദാഹരിക്കുന്നു. 'അനൈകമത്യ വിധ്വസ്തർ', 'അസ്വർഗ്യപഥചാരികൾ', 'അശേഷജന വിക്രുഷ്ടർ' – ഒന്നും നമ്മുടെ നാട്ടിലെ ഇപ്പോഴത്തെ മാറിയ ഭാഷാനിലവാരത്തിന് പെട്ടെന്ന് അർഥം ഉദിപ്പിച്ചോളണമെന്നില്ല. എങ്കിലും ഇവയുടെ പരമ്പരയായ വിന്യാസം, അതിലൂടെ പകരുന്ന സ്വരവിശേഷം, – രണ്ടും ശ്രദ്ധേയമാണല്ലോ. ഒന്നും രണ്ടുമല്ല, പത്തു പന്ത്രണ്ടു പദങ്ങളുണ്ട് ഈ പരമ്പരയിൽ. ഇവ കൃത്യമായി അർഥം നിർധരിക്കുന്നതിനു മുമ്പു തന്നെ, അസ്ത്രം കുത്തിക്കേറുന്നതുപോലുള്ള ഒരസ്വാസ്ഥ്യത്തിൽ നമ്മെ നീറ്റുന്നത് അനുഭവസിദ്ധമാണല്ലോ. അതോടെ അനുവാചകരെ ഉണർത്തുക എന്ന കവിയുടെ ഉദ്ദേശ്യം നിറവേറുകയും ചെയ്യുന്നു.

തിരിച്ചറിവിലേക്കു നയിക്കുന്നു എന്നതത്രേ ഈ ഉണർച്ചയുടെ കാവ്യപരമായ ഉപയോഗിത. ഇതു തത്കാലത്തെ അവസ്ഥയാണ്. ഇന്ത്യ എന്ന അമ്മ ഇതിൽ ആകുലയാണ്; ഇതിൽ നിന്നുള്ള മോചനത്തിലൂടെ മാത്രമേ മക്കൾക്ക് യഥാർഥ ജീവിതം അവകാശപ്പെടാനാവൂ – ഇങ്ങനെ തിരിച്ചറിവുകൾക്കു തിടം വയ്ക്കുന്നു. ഏറ്റവും മുഖ്യം, മക്കളിൽ വാത്സല്യം വഴിയുന്ന ഇന്ത്യ എന്ന അമ്മയ്ക്ക് ഇന്നത്തെ അവസ്ഥ വരുത്തിവെച്ചുവല്ലോ എന്ന കുറ്റബോധം തന്നെ. മൃതസഞ്ജീവനി മിന്നിയിരുന്ന മലർക്കാവിനെ മരുപ്പറമ്പാക്കി മാറ്റിക്കളഞ്ഞുവല്ലോ....

ഈ കുറ്റബോധത്തിന് ആക്കം കൂട്ടുന്നു, അന്നത്തെ മഹത്ത്വത്തിനെതിരെ ഇന്നത്തെ അൽപത്വത്തെക്കുറിച്ചുള്ള അറിവ്. ഇത്രയുമെത്തുന്നതോടെ, 'സുവർണകാലമോർക്കാ'നുള്ള പശ്ചാത്തലം സുനിബദ്ധമാകുന്നു. താപസർ, സാമഗാനം, ഹോമധൂമം, ബ്രഹ്മസാമീപ്യം എന്നൊക്കെ ഈ പശ്ചാത്തലത്തിന്റെ അനേകം ചിഹ്നങ്ങൾ തുടർന്ന് പരാമർശിക്കപ്പെടുന്നുണ്ട്. എങ്കിലും കവിക്കറിയാം, ഇവയെക്കാൾ ഫലപ്രദം ചിരകാല സമ്പർക്കത്തിലൂടെ അനുവാചകരുടെ ഹൃദയത്തിൽ പതിഞ്ഞ ഇതിഹാസപാത്രങ്ങളെ അവതരിപ്പിക്കുന്നതുതന്നെയാകും. ഇതിഹാസം ഉള്ളൂരിന് ഒന്നേയുള്ളു – മഹാഭാരതം! എന്നു കരുതാൻ മാത്രം, അസന്ദിഗ്ധമത്രേ ലോകത്തിലെ ഏറ്റവും വലിയ ഈ കാവ്യത്തിനോട് അദ്ദേഹത്തിനുള്ള ആകർഷണം. തനിക്ക് ഏറ്റവും അഭിമതമായ ഗ്രന്ഥം എന്ന് മഹാഭാരതത്തെ അദ്ദേഹം വിലയിരുത്തിയിട്ടുണ്ടല്ലോ. അങ്ങനെ രാഷ്ട്രത്തിന്റെ പണ്ടത്തെ മഹത്ത്വത്തിന് സാക്ഷ്യങ്ങളായി ഇതിലെ പാത്രങ്ങളെ അവതരിപ്പിക്കുന്നത് സ്വാഭാവികം തന്നെ.

അഥവാ, അവതരിപ്പിക്കുന്നു എന്നു പറഞ്ഞുകൂടാ. ഒമ്പതു പേരാണ് ഈ പ്രകരണത്തിൽ

പ്രത്യക്ഷപ്പെടുന്നത്. ഇവരിൽ ധർമപുത്രർ, അർജുനൻ, പാഞ്ചാലി, കുന്തി, വിദുരൻ, വ്യാസൻ, കർണൻ – ഈ ഏഴു പേരെയും പറ്റി, അനുസ്മരിക്കുന്നു എന്ന പദമാവും പാകം. വെറും ഓരോ പദ്യമാണ് ഓരോരുത്തർക്കും ഉള്ള വീതം. ഭീഷ്മരെ മാത്രം നാലു പദ്യത്തിൽ വിവരിക്കുന്നു.

എന്നാൽ ഇതൊന്നുമല്ല ഇനിയൊരു പാത്രത്തിന്റെ നില. ഒന്നാമതേ പരിചരിക്കുന്നത് ഈ പാത്രത്തെയാണ് എന്നതിരിക്കട്ടെ.; ഇരുപതു പദ്യങ്ങൾ പരിചരണത്തിനായി നീക്കിവെച്ചിട്ടുമുണ്ട്. ആകെ അമ്പത്തിമൂന്ന് എന്ന കണക്കോർത്താലേ അനുപാതത്തിൽ ഈ ഒറ്റപ്പാത്രത്തിനു കൈവരുന്ന ആധിക്യം ഗ്രഹിക്കാനാവൂ. ആരുണ്ട് ഇങ്ങനെയൊരു ഒറ്റപ്പാത്രം, സാക്ഷാൽ കൃഷ്ണനല്ലാതെ!

അതെ, ഈ കൃഷ്ണന്റെ അഴകേറിയ അപദാനം എന്ന അർഥത്തിലത്രേ 'അന്നും ഇന്നും' എന്ന കൃതി അവിസ്മരണീയമാവുന്നത്. എന്തൊരു ദീപ്തമായ ദേവതാസങ്കല്പമാണ് കൃഷ്ണൻ! ഏതുതലവും തന്നിൽ ലയിക്കുന്നു. ലളിതം, മധുരം, ഗഹനം – എന്തു വിശേഷണവും തന്റെ ലീലയ്ക്കു നിരക്കുന്നു. ഇവയിൽ ഗഹനത്തിലേക്കാവും ചായുക എന്നൊരു മുൻവിധി ഉള്ളൂരിനെക്കുറിച്ച് പലരും ചമയ്ക്കാനിടയുണ്ട്. എങ്കിൽ അതു തിരുത്താനും ഉതകുന്നു കൃഷ്ണനെ അവതരിപ്പിക്കുന്ന ഭാഗം.

"കാളിന്ദിയാറ്റിൻ കരയിൽ
കണ്ണിന്നമൃതധാരയായ്
പരപ്പിലുണ്ടൊരാരോമൽ-
പച്ചപ്പുൽത്തകിടിപ്പുറം"

എന്ന പദ്യം കൃഷ്ണസ്മൃതി പ്രപഞ്ചനം ചെയ്യുന്നതിനുള്ള പീഠിക ഒരുക്കുന്നു. ഇത് അർഥഗർഭമാണ്– കൃഷ്ണൻ പെരുമാറിപ്പോന്ന പ്രദേശങ്ങളിൽ നിന്ന് ഈ കാളിന്ദിയാറ്റിൻകരയെത്തന്നെ ഇങ്ങോട്ട് അന്വയിക്കുന്നത്. ആധുനിക മനുഷ്യന്റെ അശാന്തമായ ഹൃദയത്തിന് സ്വപ്നത്തിലെങ്കിലും ചെന്നു വിശ്രമിക്കാൻ നിത്യഹരിതമായ നദീതീരം എന്നൊരു ഇടം ആവശ്യമായിരിക്കുന്നു. 'കണ്ണിന്നമൃതധാരയായ് പരപ്പിലുള്ള ആരോമൽപ്പച്ചപ്പുൽത്തകിടിപ്പുറം'– മഹാകവിയുടെ ഈ കല്പനാചിത്രം, അന്ന്, അത് ആദ്യം വരച്ച കാലത്തെക്കാൾ ഗാഢമായ വ്യാപ്തി ഇന്നു നേടുന്നു എന്നതല്ലേ വാസ്തവം?

അതെന്തോ – ഈ പച്ചപ്പുൽത്തകിടിപ്പുറത്ത് കന്നുമേച്ചു കളിച്ചവനാണല്ലോ സാക്ഷാൽ കള്ളക്കൃഷ്ണൻ! കവിക്ക് വിശ്വാസം വരുന്നില്ല എന്നുണ്ടോ? ഈ നനുത്ത അവിശ്വാസ്യതയെ തുടച്ചുമാറ്റിക്കൊണ്ട് അത്ഭുതം തെഴുക്കുന്നു, ആരാധന തളിർക്കുന്നു. ഇത്തരം ഭാവങ്ങളെല്ലാം കൂടി 'പോൽ' എന്ന ഒറ്റസ്സൂചകത്തിൽ പുഷ്പിച്ചു കിട്ടുന്നതിലത്രേ ഇവിടത്തെ രചനാപരമായ പ്രത്യേകത. വ്യാകരണത്തിൽ ദ്യോതകം എന്നോ മറ്റോ വകതിരിക്കുന്ന അംശമാവാം ഈ 'പോൽ'. പക്ഷേ, നിസ്സാരം എന്നു പൊതുവേ നിരസിക്കുന്ന അംശവും ഭാവംകൊണ്ട് നിബിഡമാക്കാൻ കവിക്കു കഴിയുന്നു. 'പോൽ' എന്ന ശബ്ദത്തിന്റെ സാന്ദ്രമായ പ്രയോഗത്തിന് ധാരാളം സാക്ഷ്യങ്ങളുണ്ടല്ലോ ഈ കൃതിയിൽ.

കൃഷ്ണന്റെ വിസ്മയങ്ങൾ ചിലതു വിവരിക്കാനിരിക്കുന്നു. അതിനു മുമ്പ് ഓടക്കുഴലൂതുന്ന ആ ഓങ്കാരപ്പൊരുളിന്റെ ചിത്രം ഉള്ളൂർ വികസിപ്പിക്കുന്നത് സോദ്ദേശ്യമാവണം. ഇത്തരം കളിമ്പത്തിൽ സ്വയം രസിക്കുന്നതിന്നിടയ്ക്കത്രേ ആ 'കപട ഗോപാലൻ' ലോകം കാക്കുക എന്ന ധർമം നടത്തുന്നത്. ലഘിമയും മഹിമയും അങ്ങനെ അദ്ദേഹത്തിൽ രഞ്ജിക്കുന്നു. ഈ അറിവ് നമ്മെ അതിശയിപ്പിക്കുന്നതോടൊപ്പം, നമ്മുടെ ആരാധനയ്ക്ക് ആക്കം കൂട്ടുകയും ചെയ്യുന്നു.

എഴുത്തച്ഛന്റെ കർണപർവത്തിലുണ്ടല്ലോ പാർഥസാരഥിയുടെ ഹൃദ്യമായ ചിത്രം. വിശദാംശങ്ങളുടെ ഇണക്കം, വിനിയോഗിക്കുന്ന ശൈലിയുടെ മിനുക്കം എന്നീ അംശങ്ങളിൽ ഈ ഇരു ചിത്രങ്ങളും താരതമ്യം അർഹിക്കുന്നു. പ്രായേണ നറു മലയാളപദങ്ങൾ കൊണ്ടുതന്നെ ശില്പപ്പെടുത്തിയവയാണല്ലോ രണ്ടു ചിത്രങ്ങളും. അവയ്ക്കിടെ കലർത്തുന്ന സംസ്കൃതമാവട്ടെ, അവയോട് ലയിക്കുന്നു. പിന്നെ എങ്ങാനും സംസ്കൃതം കലരാത്ത കാവ്യഭാഷ മലയാള

ത്തിൽ പ്രയോഗക്ഷമമല്ല എന്നു കൂടിയാവുമോ ഈ മഹാകവികളുടെ കാഴ്ചപ്പാട്? മലയാളത്തിന്റെ പിതാവ് എന്നു പ്രശസ്തനായ എഴുത്തച്ഛന്റെ ശൈലിയിൽ സംസ്കൃതത്തിനുള്ള അനുപാതം പ്രത്യേകം വിശദമാക്കേണ്ടതില്ല. ഉള്ളൂരാണെങ്കിലോ, ഒരു കാലത്ത് നമ്മുടെ കവിതയിൽ നടന്ന പച്ചമലയാള പ്രസ്ഥാനത്തിൽ ഉത്സാഹിച്ച ആളാണ്. ആ പ്രസ്ഥാനം പരാജയപ്പെടുകയല്ലേ ഉണ്ടായത്? എങ്കിൽ അതിൽ നിന്ന് ഒരു പാഠവും നമുക്ക് പഠിക്കാനില്ലേ? പോട്ടേ, ഇതൊക്കെ വാദത്തിനുള്ള വകയാണ്. ഇവിടെ പ്രസക്തം ഒറ്റ വസ്തുത മാത്രം : അന്നും ഇന്നും എന്ന കൃതിയിലെ ശൈലിയിൽ മലയാളത്തിനുതന്നെ മുൻതൂക്കം; ഇടയ്ക്ക് മൃദുവായ സംസ്കൃതപദങ്ങൾ അതിൽ ശ്രുതിപ്പൊരുത്തത്തോടെ മേളിക്കുന്നു.,

“തൂവെൺചെറുചിരിപ്പൈമ്പാൽ
സുന്ദരാസ്യേന്ദു തൂകവേ”

എന്ന ശ്ലോകാർധം മതിയാവും ഈ വസ്തുതയ്ക്കു ദൃഷ്ടാന്തമായി.

വിശദാംശങ്ങളുടെ ഇണക്കം എന്നത് അൽപമൊന്ന് വിവരിക്കേണ്ടിവരും. സാക്ഷാൽ ചിത്രത്തിനു വഴങ്ങാത്ത ചലനം കാവ്യചിത്രത്തിൽ സന്നിവേശിക്കുക എന്നിടത്തത്രേ ഇതിന്റെ യഥാർഥ സാഫല്യം. എഴുത്തച്ഛന്റെ ‘ഇളകുന്ന ചില്ലീയുഗളഭംഗി’ പാർഥസാരഥിയുടെ ചിത്രത്തിലേക്ക് ഇണക്കുന്നുണ്ടല്ലോ, ഉള്ളൂർ.

1. മകുടം വിട്ടു നീങ്ങുന്ന മയിൽപ്പീലി
2. മാൺപെഴും കവിളിൽത്തട്ടി ആടുന്ന മണികുണ്ഡലം
3. കുഞ്ഞിളംകാറ്റിലങ്ങിങ്ങു പറക്കുന്ന കുനുകൂന്തൽ

എന്നൊക്കെ ഈ അംശത്തിൽ ധാരാളിയാണ്. ഇവയെക്കാളൊക്കെ ധന്യമത്രേ, കനിവാറ്റിൻ തിരക്കോളിൽ കളിക്കുന്ന കടക്കൺകോൺ.

ഇനിയോ, ചിത്രം മനസ്സിൽ സ്ഫുടമായി വിഭാവനം ചെയ്താൽ മാത്രം സ്വരൂപിക്കാവുന്ന ഒരു വിശദാംശം കൂടി ശ്രദ്ധിക്കുക: ‘വിയർപ്പുറ്റ തിരുനെറ്റിയിൽ മായുന്ന ഗോപിക്കുറി’. കവിയുടെ ധ്യാനപൂർത്തിക്കു സാക്ഷ്യമാണിത്; പാർഥസാരഥീചിത്രത്തിലെ ‘വിയർപ്പുതുള്ളികൾ പൊടിഞ്ഞ നാസിക’യ്ക്കു സദൃശവും.

സ്വതേ സംസ്കൃത ബഹുലതയ്ക്കു ശ്രുതിപ്പെട്ടതാണല്ലോ ഉള്ളൂരിന്റെ ശൈലി. എന്നാൽ ‘അന്നും ഇന്നും’ എന്ന കൃതിയിൽ മലയാളമാധുരി നിറഞ്ഞുവഴിയുന്നു. ഇതിൽ ‘കോടക്കാർ കൊമ്പു കുത്തുന്ന കോമളത്തിരുമേനി’ എന്ന ഇനത്തിൽ ഒന്നു വിരലൂന്നിക്കൊള്ളട്ടെ. ‘കോടക്കാർ’ എന്ന പദം തന്നെ തിരഞ്ഞെടുത്തതിൽ പരിമിതപ്പെടുന്നില്ല ഇതിന്റെ ചമത്കാരം. അതിനോടു തുല്യം എന്ന വിവക്ഷയിൽ ‘കോടക്കാർ തോറ്റു പോവുന്ന, – ‘കോടക്കാർ കാൽക്കൽ വീഴുന്ന’ ‘കോടക്കാറോടങ്കമാടും’ – തുടങ്ങി സാധ്യതകൾ അനിയതമാണ്. ഈ അനേകത്തിൽ നിന്ന് ഏതു നിയതമാക്കുന്നു എന്നിടത്തത്രേ യഥാർഥകവിതയുടെ നികഷോപലം. ‘കൊമ്പു കുത്തുന്ന’ എന്ന് നിബന്ധിക്കുന്നതോടെ ആനയുടെ ഭാവബന്ധം നിഷ്പന്നമാവുന്നു. കോടക്കാറിന് ആനയോടുള്ള സാദൃശ്യം പ്രകടം; കൃഷ്ണൻ കുട്ടിക്കാലത്തേ ആനയെ കീഴടക്കിയ സംഗതി പ്രസിദ്ധവും. ആകപ്പാടെ വാക്ക് ഇവിടെ ഉണർത്തുന്നത് ഒറ്റ അർഥത്തെയല്ല, ഒരു ദൃശ്യപരമ്പരയെത്തന്നെയാണ്.

നമുക്ക് സംക്ഷേപിക്കാം: ‘മാറിടത്തിൽ അലർമാതമരുന്ന’ കൃഷ്ണൻ എന്ന അത്ഭുത പുരുഷൻ ആരുടെ അരുമക്കുഞ്ഞോ, ആ ആര്യാവർത്തം – ഇപ്രകാരം , സമാപനത്തിൽ ‘അന്നും ഇന്നും’ ഇന്ത്യ എന്ന പ്രമേയത്തെ പുനരാവാഹിക്കുന്നു. അന്ന് കൃഷ്ണനോടൊപ്പം മറ്റു പല മഹാമതികളും പിറന്നു. ‘ഉഡുക്കൾ ചൂഴും വാനിലാണല്ലോ കുളുർവെൺമതി’ ഉദിക്കുക. ഇന്നോ – ഇന്ന് ഇരുട്ടും നിദ്രാലസ്യവും നമ്മെ ചുഴലുന്നു. ഇതിൽ നിന്ന് ‘കൺമിഴിക്കാ, മെഴുന്നേൽക്കാം, കതകിൻ സാക്ഷ നീക്കിടാം.’ എന്നത്രേ കവിയുടെ ആഹ്വാനം. നവീനോഷസ്സ് നമുക്ക് നയനോത്സവം നൽകാറായി. പുലരി എന്ന പുരോഹിതൻ ഇതാ കിഴക്കിന്റെ ശിരസ്സിൽ മിന്നുന്ന കിരീടം വയ്ക്കുകയുമായി. ഈ പുണ്യമുഹൂർത്തത്തിൽ,

"കറവിട്ടു കരൾത്തട്ടിൽ
കണ്ണന്റെ കഴലൂന്നി നാം
കല്യാണമേകുമിക്കാഴ്ച
കണ്ടാവൂ കൺകുളുർക്കവേ"

എന്നും കവി ആഹ്വാനം ചെയ്യുന്നു.

പ്രയോഗത്തിലും ആലാപത്തിലും ഇന്നു പ്രക്ഷീണമാവുകയല്ലേ എന്നു പേടിക്കേണ്ട അനുഷ്ടുപ്പു വൃത്തത്തിലാണ് ഈ കൃതി എന്നു ധരിക്കുന്നതും ആവശ്യം തന്നെ. നമ്മുടെ കാവ്യപാരമ്പര്യത്തിൽ ഗാഢമായി സ്ഥാനം നേടിയ വൃത്തമാണിത്. ഏതു ഭാവത്തിനും ഇണങ്ങും; ആഖ്യാനത്തിന്റെ സ്വച്ഛന്ദതയ്ക്ക് വഴങ്ങും- വെറുതെയല്ല ഈ വൃത്തം ഇത്ര സ്ഥാനം നേടിയത്. ഇതിന്റെ സാധ്യത വിസ്മരിക്കാതിരിക്കയാവും ഹിതകരം. മലയാളത്തിൽ 'അന്നും ഇന്നും' എന്ന കൃതിയുടെ ആലാപം പോലെ അനുഷ്ടുപ്പുമായി തൻമയീഭവിക്കാൻ മറ്റൊരു വഴിയില്ല എന്നതല്ലേ വസ്തുത?

**[കെ. പി. ശങ്കരൻ**

## അവധാരണചോദ്യങ്ങൾ

- ഉള്ളൂർ, ആശാൻ, വള്ളത്തോൾ എന്നിവർ ദേശീയതയോടു പ്രതികരിച്ചത് എങ്ങനെ?
- 'അന്നും ഇന്നും' എന്ന കവിത ലേഖകൻ അപഗ്രഥനത്തിനു തിരഞ്ഞെടുക്കാനുള്ള കാരണമെന്ത്?
- കവിതയിലെ ഭാഷ അത് ഉൾക്കൊള്ളുന്ന വൈകാരികാംശത്തെ പ്രതിനിധാനം ചെയ്യുന്നുവെന്ന് ലേഖകൻ വ്യക്തമാക്കുന്നത് എങ്ങനെ?
- 'ഇതിഹാസം ഉള്ളൂരിന് ഒന്നേയുള്ളു - മഹാഭാരതം' - എന്ന തോന്നൽ ഉളവാക്കുന്നതിന് നിദാനമായ ഘടകങ്ങൾ എന്തെല്ലാം?
- ഉള്ളൂരിന്റെ കൃഷ്ണസങ്കല്പം എന്തെല്ലാം സവിശേഷതകൾ ഉൾക്കൊള്ളുന്നു?
- അന്നും ഇന്നും എന്ന കവിതയുടെ വൃത്തം അതിന് അനുയോജ്യമായിരിക്കുന്നത് എങ്ങനെ?

■

# 15. പശ്ചാത്താപമേ പ്രായശ്ചിത്തം

തന്റെ സമ്പന്നതയും പ്രൗഢിയും മറ്റുള്ളവരെ അറിയിക്കാനുള്ള വ്യഗ്രതയായിരുന്നു ശീമോന്. സമൂഹത്തിൽ വിലയും നിലയുമുള്ളവരൊക്കെ തന്റെ അതിഥികളാവണം എന്ന് അയാൾ ആഗ്രഹിച്ചു. യേശുവിന്റെ പ്രശസ്തി നാൾക്കുനാൾ വർധിക്കുകയാണ്. നിരവധി ആരാധകർ, അസംഖ്യം ശിഷ്യന്മാർ.... എങ്കിൽ എന്തുകൊണ്ട് യേശു തന്റെ അതിഥിയായിക്കൂടാ. പക്ഷേ, തല കുനിക്കാനും അനുഗ്രഹം വാങ്ങാനും മനസ്സില്ലതന്നെ. ആ വരവേല്പ് ഗംഭീരമായി. അതിനിടയ്ക്ക് ആരാണ് ക്ഷണിക്കപ്പെടാത്ത ഒരതിഥി? മറിയമോ! അപമാനം. ഇവൾ എങ്ങനെ മണിമേടയിൽ കടന്നുകൂടി. താൻ ചെയ്യാൻ മടിച്ച അതിഥിപൂജ ചെയ്യുകയാണവൾ. കണ്ണുനീർകൊണ്ട് പാദം കഴുകി തലമുടി കൊണ്ടു തുടച്ചു സുഗന്ധതൈലം പൂശി ആരാധിക്കുന്നു. ചെയ്തുപോയ പാപങ്ങൾ ആ പാദങ്ങളിൽ സമർപ്പിക്കുകയാണവൾ.

കുബ്ജയാം സൈരന്ധ്രി രാജാംഗരാഗത്താ-
ലബ്ജദളാക്ഷനെയെന്നപോലെ,
അന്യാദൃശാമോദതൈലാഭിഷേകത്താൽ-
ക്കന്യാതനൂജനെ പ്രീതനാക്കി,
തന്നുയിർ നാഥങ്കൽച്ചേർക്കുവാനായിട്ടോ
തന്വിയാൾ നീണ്ടൊരു വീർപ്പുവിട്ടു!

തദ്ഗളത്തിങ്കൽ നിന്നുൽഗതമായ് പിന്നെ-
ഗ്ഗദ്ഗദം പൂണ്ടൊരു വീണാഗാനം:
"നാഥ, തവാജ്ഞകൾ കേട്ടു നടക്കാതെ
നാനാപരാധങ്ങൾ ചെയ്തുപോയ് ഞാൻ;
ശാസിതാവായോനേ, സർവം, ക്ഷമിച്ചു, തൻ
ദാസിയെത്തൃക്കാല്ക്കൽ നിർത്തേണമേ!

'മുട്ടുവിൻ വാതിൽ തുറക്കു'മെന്നങ്ങുന്നു
പട്ടാങ്ങമായ്ച്ചൊന്നതോർത്തുകൊണ്ടേ
താവകാനുഗ്രഹദ്വാരത്തിൽ മുട്ടുമി-
പ്പാവത്തിനേകുകിങ്ങുൾപ്രവേശം.

അല്ലൽപ്പെരുങ്കടൽക്കല്ലോലമാലയിൽ-
ത്തെല്ലല്ലലഞ്ഞു കുഴങ്ങുന്നു ഞാൻ!
ഏഴയാമെന്നെക്കരേറ്റുവാൻ മറ്റാരു-
ണ്ടാ,ഴിക്കു മീതേ നടന്നവനേ?

ലീലയാ കണ്ടു ചിരിപ്പാനായ് വഞ്ചകൻ
മേലേ വിരിച്ചിട്ട പുൽപ്പരപ്പിൽ



മേയാനായ്ച്ചെന്നൊരു പെൺമാൻ നിരാലംബ-
യായിതാ, വീണുപോയ് മുൾക്കുഴിയിൽ!"

തേന്മൊഴിയാളിതു ചൊന്നതോടൊപ്പമേ
തേങ്ങിക്കരഞ്ഞുപോയ് തെല്ലുനേരം;
അബ്ബാഷ്പവർഷത്തിലീശന്റെ ഹൃൽസര-
സ്സുൽപൂർണമായീ കൃപാമൃതത്താൽ.

"ചെയ്യരുതാത്തതു ചെയ്തവളെങ്കിലു-
മിയ്യെന്നെത്തള്ളൊല്ലേ തമ്പുരാനേ;
തിയ്യിനെപ്പോലും തണുപ്പിക്കുമിപ്പൊൻ തൃ-
ക്കയ്യിനാൽത്തീർത്തവളല്ലോ ഞാനും.

ദുഷ്ടപ്പരുന്തിന്റെ വായിൽനിന്നീ ഗതി-
കെട്ട കപോതിയെദ്ദീനബന്ധോ,
അഞ്ജസാ വീണ്ടെടുത്തെൻ തിരുമേനിതൻ
പഞ്ജരം തന്നിലണയ്ക്കേണമേ!"

സാത്വികഭക്തിയാം തേൻപെറുമീവക
പ്രാർഥനാവാക്കുകളായ പൂക്കൾ
ദന്തകുന്ദാഭയാം വെൺപട്ടുനൂലിന്മേൽ-
ച്ചന്തത്തിൽക്കോർത്തൊരു മാലയാക്കി,
വിണ്ണിൻപെരുമാൾ തൻ മുന്നിൽസ്സമർപ്പിച്ചു
ദണ്ഡനമസ്കാരം ചെയ്തു വീണ്ടും.
ആ മണിത്തൃക്കഴൽ ചുംബിച്ചിതോമലാൾ,
താമരത്താരൊരു ഹംസി പോലെ.

ചുറ്റുമൊരാനന്ദശാന്തത ചേർന്നിതു;
മുറ്റുമനങ്ങാതായ് ദീപനാളം;
ചന്ദ്രമസ്സുന്നിദ്രനക്ഷത്രമധ്യത്തിൽ
നിന്നു വിളങ്ങിനാനൊന്നുകൂടി.

ഘോരനരകത്തിൽ നിന്നാശു വിണ്ണിലേ-
ക്കേറുന്ന സാധ്വിയെക്കൊണ്ടാടാനോ,
ശുഭ്രമേഘങ്ങളാം വെള്ളി വിമാനങ്ങ-
ളഭ്രസ്ഥലത്തങ്ങു വന്നു നില്പായ്!

ഏതിൻതടത്തിലെ മുക്കുവർ യേശുവാം
നേതാവു നൽകിയ നേർവലയാൽ
ആടൽപ്പെടുത്താതെ പുണ്യമത്സ്യങ്ങളെ-
ത്തേടിപ്പിടിപ്പവരായ്ച്ചമഞ്ഞു,
അഗ്ഗലേലക്കടൽ പാപിനീമുക്തിക-
ണ്ടഗ്ര്യപ്പെരുംപറ കൊട്ടി,യാർത്തൂ!

അത്തൽകൊണ്ടന്ധയാമമ്മഹാഭക്തയെ-
ക്രിസ്തുഭഗവാന്റെ തൃക്കടാക്ഷം
ആസ്ഥയാ സ്പർശിച്ചു, സുപ്രഭാതാർക്കന്റെ-
യാദ്യാംശുകന്ദളമെന്നപോലെ.

പ്രേമസ്വരൂപങ്കൽ നിന്നൊരിറ്റുൾക്കൃപ
തൂമധുരോക്തിയായ് നിർഗളിച്ചൂ,
അച്ചാതകിക്കിനി മേലിലൊരിക്കലു-
മുൾച്ചൂടു ചേരായ്വാൻ തക്കവണ്ണം:

"പൊയ്ക്കൊൾക പെൺകുഞ്ഞേ, ദുഃഖം
വെടിഞ്ഞു നീ;-

യുൾക്കൊണ്ട വിശ്വാസം കാത്തു നിന്നെ;
അപ്പപ്പോൾ പാതകം ചെയ്തതിനൊക്കെയു-
മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം!"

**മഗ്ദലനമറിയം]** **[വള്ളത്തോൾ**

## അവധാരണചോദ്യങ്ങൾ

- മറിയത്തിന്റെ നെടുവീർപ്പിനെ കവി എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത്?
- മറിയം സ്മരിക്കുന്ന യേശുദേവന്റെ മഹത്ത്വങ്ങൾ എന്തെല്ലാം?
- തനിക്കു വഴി പിഴച്ചുപോകാനുള്ള കാരണം മറിയം വിശദമാക്കുന്നത് എങ്ങനെ?
- മറിയത്തിന്റെ ദു:ഖം അകറ്റാൻ തക്കവിധം യേശുദേവൻ പറഞ്ഞതെന്ത്?
- ഗലേലക്കടൽ പെരുമ്പറകൊട്ടി ആർത്തത് എന്തുകൊണ്ട്?

■

## പഠനപ്രവർത്തനങ്ങൾ

### ❑ ലഘുജീവചരിത്രം തയാറാക്കുക

(ഒരാളെക്കുറിച്ച്)

- ഉള്ളൂർ
- കുമാരനാശാൻ
- വള്ളത്തോൾ

### ❑ സെമിനാർ

വിഷയം : ആധുനിക കവിത്രയവും മലയാള കവിതയുടെ വളർച്ചയും.

### ❑ ഓർമക്കുറിപ്പ്

- നളിനിയുടെ കുട്ടിക്കാലത്തെക്കുറിച്ചുള്ള ഓർമകൾ പരിചയപ്പെട്ടല്ലോ. നിങ്ങളുടെ അനുഭവങ്ങൾ എഴുതിനോക്കൂ.

### ❑ ഉപന്യാസം എഴുതുക (ഏതെങ്കിലും ഒന്ന്)

വിഷയം : പൗരാണികതയോടുള്ള പ്രതിപത്തി ഉള്ളൂർക്കവിതയിൽ

*സൂചനകൾ*

- പുരാണകഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു (കർണഭൂഷണം)
- ഭാരതീയതത്ത്വചിന്ത (പ്രേമസംഗീതം)

വിഷയം : കുമാരനാശാന്റെ കൃതികളിലെ സാമൂഹികവീക്ഷണം.

*സൂചനകൾ*

- ജാതിക്കെതിരായ കവിതകൾ (ദുരവസ്ഥ)
- അനാചാരങ്ങളോടുള്ള പ്രതിഷേധം (ചണ്ഡാലഭിക്ഷുകി)

വിഷയം : വള്ളത്തോൾക്കവിതയിലെ ദേശീയത

*സൂചനകൾ*

- സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ടവ (പോരാ പോരാ നാളിൽ നാളിൽ, ചക്രഗാഥ)
- ഗാന്ധിയെക്കുറിച്ചുള്ള കവിതകൾ (എന്റെ ഗുരുനാഥൻ)
- ദേശസ്നേഹം, ഭാഷാസ്നേഹം (എന്റെ ഭാഷ, മാതൃവന്ദനം)

### ❑ പ്രബന്ധം തയാറാക്കുക

- കരുതുവതിഹ ചെയ്യവയ്യ, ചെയ്യാൻ
  വരുതിലഭിച്ചതിൽ നിന്നിടാ വിചാരം;
  പരമഹിതമറിഞ്ഞുകൂട;യായു-
  സ്ഥിരതയുമി,-ല്ലതി നിന്ദ്യമീ നരത്വം!
- സന്തതം മിഹിരനാത്മശോഭയും,
  സ്വന്തമാം മധു കൊതിച്ച വണ്ടിനും,
  ചന്തമാർന്നരുളി നിൽക്കുമോമലേ,
  ഹന്ത! ധന്യമിഹ നിന്റെ ജീവിതം !
- ജന്തുവിന്നു തുടരുന്നു വാസനാ-
  ബന്ധമിങ്ങുടലു വീഴുവോളവും.
- അന്യജീവനുതകി സ്വജീവിതം
  ധന്യമാക്കുമമലേ! വിവേകികൾ.

ആശാൻകവിതയുടെ ഏതേതു സവിശേഷതകളാണ് മുകളിൽ കൊടുത്ത ഉദാഹരണങ്ങളിൽ തെളിയുന്നത് ?

### ❑ ആസ്വാദനം തയാറാക്കുക

- തന്നതില്ല പരനുള്ളുകാട്ടുവാ-
  നൊന്നുമേ നരനുപായമീശ്വരൻ
  ഇന്നു ഭാഷയിതപൂർണമിങ്ങഹോ!
  വന്നുപോം പിഴയുമർഥശങ്കയാൽ.
- "പൊയ്ക്കൊൾക പെൺകുഞ്ഞേ, ദുഃഖം വെടിഞ്ഞു നീ;-
  യുൾക്കൊണ്ട വിശ്വാസം കാത്തു നിന്നെ.
  അപ്പപ്പോൾ പാതകം ചെയ്തതി- നൊക്കെയു-
  മിപ്പശ്ചാത്താപമേ പ്രായശ്ചിത്തം!"
- 'മുട്ടുവിൻ വാതിൽ തുറക്കു'മെന്നങ്ങുന്നു
  പട്ടാങ്ങമായ്ച്ചൊന്നതോർത്തുകൊണ്ടേ
  താവകാനുഗ്രഹദ്വാരത്തിൽ മുട്ടുമി-
  പ്പാവത്തിനേകുകിങ്ങുൾപ്രവേശം.

- ലീലയാ കണ്ടു ചിരിപ്പാനായ് വഞ്ചകൻ
  മേലേ വിരിച്ചിട്ട പുൽപ്പരപ്പിൽ
  മേയാനായ്ച്ചെന്നൊരു പെൺമാൻ
  നിരാലംബ-
  യായിതാ, വീണുപോയ് മുൾക്കുഴിയിൽ!

- അഴലിന്നു മൃഗാദിജന്തുവിൽ
  പഴുതേറീടിലു, മെത്തിയാൽ ദ്രുതം
  കഴിയാമതു - മാനഹേതുവാ-
  ലൊഴിയാത്താർത്തി മനുഷ്യനേ വരൂ!

- ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
  വച്ചു മല്ലികയറുത്തിരുന്നതും
  മെച്ചമാർന്ന ചെറുമാല കെട്ടിയെൻ-
  കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും

## ❑ വായനക്കുറിപ്പ് തയാറാക്കുക

(ഏതെങ്കിലും ഒന്ന്)

ഒരു സിംഹപ്രസവം - കുമാരനാശാൻ

ഒരു തോണിയാത്ര - വള്ളത്തോൾ

## ❑ വാങ്മയചിത്രങ്ങൾ വിശദീകരിക്കുക

- സാത്വികഭക്തിയാം തേൻപെറുമീവക
  പ്രാർഥനാവാക്കുകളായ പൂക്കൾ
  ദന്തകുന്ദാഭയാം വെൺപട്ടുനൂലിന്മേൽ-
  ച്ചന്തത്തിൽക്കോർത്തൊരു മാലയാക്കി,
  വിണ്ണിൻപെരുമാൾ തൻ മുന്നിൽസ്സമർപ്പിച്ചു
  ദണ്ഡനമസ്കാരം ചെയ്തു വീണ്ടും
  ആ മണിത്തൃക്കഴൽ ചുംബിച്ചിതോമലാൾ,
  താമരത്താരൊരു ഹംസി പോലെ.

- ഭൂരിപൂക്കൾ വിടരുന്ന പൊയ്കയും
  തീരവും വഴികളും തരുക്കളും
  ചാരുപുൽത്തറയുമോർത്തിടുന്നതിൻ-
  ചാരെ നാമെഴുമെഴുത്തുപള്ളിയും.

  ഓർത്തിടുന്നുപവനത്തിലെങ്ങുമ-
  ങ്ങാർത്തു ചിത്രശലഭം പറന്നതും
  പാർത്തുനിന്നതുമണഞ്ഞു നാം കരം-
  കോർത്തു കാവിനരികേ നടന്നതും.

## ❑ താരതമ്യം ചെയ്യുക

- എണ്ണിടുന്നൊളിവിൽ വന്നു പീഡയാം-
  വണ്ണമെൻ മിഴികൾ പൊത്തിയെന്നതും
  തിണ്ണമങ്ങതിൽ വലഞ്ഞു കേഴുമെൻ-
  കണ്ണുനീരു കനിവിൽ തുടച്ചതും.

ഇതുപോലൊരു കാവ്യസന്ദർഭം വിഷുക്കണി എന്ന കവിതയിൽ കാണാം. താരതമ്യം ചെയ്യുക.

## ❑ സൂചിതകഥ എഴുതുക

(ഏതെങ്കിലും ഒന്ന്)

- കുബ്ജയാം സൈരന്ധ്രി രാജാംഗരാഗത്താ-
  ലബ്ജദളാക്ഷനെയെന്നപോലെ

- ഏതിൻതടത്തിലെ മുക്കുവർ യേശുവാം
  നേതാവു നൽകിയ നേർവലയാൽ
  ആടൽപ്പെടുത്താതെ പുണ്യമത്സ്യങ്ങളെ-
  ത്തേടിപ്പിടിപ്പവരായ്ച്ചമഞ്ഞു,

## ❑ വൃത്തം

സംസ്കൃതവും മലയാളവും ഇടകലർത്തി പ്രയോഗിച്ചിരുന്ന മണിപ്രവാള പ്രസ്ഥാനത്തെപ്പറ്റി കേട്ടിട്ടുണ്ടല്ലോ. ഏതാണ്ട് ഒരു നൂറ്റാണ്ടുമുമ്പുവരെ നമ്മുടെ ഭാഷയിലെ മികച്ച കാവ്യശാഖയായിരുന്നു അത്. സംസ്കൃതവൃത്തങ്ങളാണ് മണിപ്രവാളകൃതികളിൽ ഉപയോഗിച്ചിരുന്നത്. മണിപ്രവാള പ്രസ്ഥാനത്തിന്റെ സുവർണദശയ്ക്കു ശേഷവും മലയാളകവിതയിൽ ഈ പ്രവണത തുടർന്നുപോന്നു.

ഭാഷാവൃത്തങ്ങളിൽനിന്ന് മൗലികമായ പല വ്യത്യാസങ്ങളുമുണ്ട് സംസ്കൃത വൃത്തങ്ങൾക്ക്. ഇവയിൽ ഗുരുലഘുവിന്യാസം നിയതക്രമത്തിൽ സൂക്ഷ്മമായി പാലിക്കപ്പെടുന്നുണ്ട്. നോക്കുക :

ആര്യ,മുൻപരിചയങ്ങൾ നൽകിടും
ധൈര്യമാർന്നു പറയുന്നു മദ്ഗതം

ഈ കവിതയിലെ മറ്റു വരികൾ പരിശോധിച്ച് ഗുരുലഘുവിന്യാസക്രമം കണ്ടെത്തുക. എല്ലാം ഇതേ ക്രമത്തിലല്ലേ വരുന്നത്. ഇതാണ് പൊതുവെ സംസ്കൃത വൃത്തങ്ങളിൽ കാണുന്ന സവിശേഷത. ബന്ധദാർഢ്യം കൂടുതലാണ് സംസ്കൃത വൃത്തങ്ങളിൽ. ശ്ലോകം എന്നാണ് ഇവ അറിയപ്പെടുന്നത്. നാലു വരിയാണ് ഒരു ശ്ലോകത്തിൽ ഉണ്ടായിരിക്കുക.